(സി) ഇത്തരം തട്ടിപ്പുകൾക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഇത്തരം വാർത്തകൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉപഭോക്തൃസംരക്ഷണനിയമം - 1986, ഒരു ഉപഭോക്താവിന് നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട അവകാശങ്ങളിൽ ഒന്നാണ്. 'സുരക്ഷയ്ക്കുള്ള അവകാശം'. ഇതിന്റെ അടിസ്ഥാനത്തിൽ ലോകഭക്ഷ്യദിനാചരണം, ദേശീയ ഉപഭോക്തൃദിനാചരണം, ലോക ഉപഭോക്തൃ അവകാശദിനാചരണം എന്നീ അവസരങ്ങളിൽ ഭക്ഷ്യവസ്തുക്കളിലെ മായം, അവയുടെ ദോഷഫലങ്ങൾ, നല്ല ഭക്ഷണം കഴിക്കേണ്ടതിന്റെ ആവശ്യകത എന്നീ വിഷയങ്ങളെ സംബന്ധിച്ച് ബോധവത്കരണ ക്ലാസുകൾ വിഷയവിദഗ്ധരെ ഉൾപ്പെടുത്തി സംഘടിപ്പിക്കാറുണ്ട്. കൂടാതെ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾവഴി വിദ്യാർത്ഥികളിൽ ബോധവത്കരണവും നടത്തിവരുന്നു. മായം കലർന്ന ഭക്ഷണങ്ങൾ കണ്ടുപിടിക്കുന്നതും നടപടികൾ എടുക്കുന്നതും ആരോഗ്യവകുപ്പിന് കീഴിലുള്ള ഫുഡ് സേഫ്റ്റി വിഭാഗമാണ്. അവർ സമയോചിത ഇടപെടലുകൾ നടത്തുന്നുണ്ട്.

(ബി&സി) ഭക്ഷ്യ വസ്തുക്കളിലെ കീടനാശിനികളുടേയും രാസവസ്തുക്കളുടേയും സാന്നിദ്ധ്യം സംബന്ധിച്ച് നടപടിയെടുക്കേണ്ടത് ആരോഗ്യ വകുപ്പാണ്.

വിജിലൻസ് അന്വേഷണം നേരിടുന്ന വൈസ് ചാൻസലർമാർ

21 (*111) ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വകലാശാലകളിൽ വൈസ് ചാൻസലർ ഉൾപ്പെടെ ഉന്നത പദവിയിലുള്ളവർ വിവിധ കേസുകളിൽ പ്രതികളായി അന്വേഷണം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഏതെല്ലാം സർവ്വകലാശാലകളിൽ ഇത്തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടെന്ന് വിശദമാക്കാമോ ; പ്രതിചേർക്കപ്പെട്ടവർ ആരെല്ലാമാണെന്ന് അറിയിക്കാമോ :

(സി) കോഴിക്കോട് സർവ്വകലാശാലാ വൈസ് ചാൻസലർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് കോടതി ഉത്തരവ് നൽകിയതുസംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ :

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വൈസ് ചാൻസലർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് കോടതി ഉത്തരവ് നൽകാനിടയായ കാരണങ്ങൾ വിശദമാക്കാമോ ;

(ഇ) അന്വേഷണം നേരിടുന്ന വൈസ് ചാൻസലർമാർ ഉൾപ്പെടെയുള്ള ഉന്നതരെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്.

(ബി&സി) കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ എന്നിവരടക്കം 4 പേർക്കെതിരെ ക്വിക്ക് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ തൃശ്ശൂർ വിജിലൻസ് കോടതി വിജിലൻസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു എഞ്ചിനീയറിംങ് കോളേജിലെ 23 വിദ്യാർത്ഥികൾക്കുവേണ്ടി, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പുനഃപരീക്ഷ നടത്തി എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ 14-5-2015 ന് ആണ് വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തത്.

(ഇ) PC Act 13(1)@(d) r/w 13(2) ഉം IPC 120(B)409 പ്രകാരവും പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നുണ്ട്. സർവകലാശാല കളിലെ വൈസ് ചാൻസലർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബഹു. ചാൻസലറിൽ നിക്ഷിപ്തമാണ്. സർക്കാരിന് ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

റവന്യൂ അദാലത്ത്

22 (*112) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പ് നടത്തിയ റവന്യൂ അദാലത്ത് വിജയകരമായ സ്ഥിതിക്ക് ഇത്തരം അദാലത്തുകൾ ആറ് മാസത്തിലൊരിക്കൽ നടത്തുന്നതിന് നടപടി ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly